POLICE DEPARTMENT

KERALA

**No. E3-62367/2024/P**
District Police Office,
Palakkad
spplkd.pol@kerala.gov.in
04912536700
Dated. 14-10-2026

**പുനർലേല പരസ്യം**

പാലക്കാട് ജില്ലാ പോലീസ് ഓഫീസ് വളപ്പിൽ അപകടകരമായ നിലയിൽ നിൽക്കുന്ന താഴെപ്പറയുന്ന മരങ്ങൾ ബഹു. എ.ഡി.ജി.പി. (ക്രമസമാധാനം)-യുടെ 21.07.2026 തീയതിയിലെ ഉത്തരവ് നമ്പർ G-9709/2026/LO പ്രകാരം പരസ്യ ലേലം **28.10.2026** തീയതി രാവിലെ **11.00** മണിക്ക് പാലക്കാട് ജില്ലാ പോലീസ് ഓഫീസിൽ വച്ച് നടത്തുന്നതാണ്.

| ക്രമ നം | ഇനം | എണ്ണം |
|---|---|---|
| 1 | മലവേപ്പ് | ഭീഷണിയുള്ള ശിഖരങ്ങൾ |
| 2 | തെങ്ങ് (സ്ഥലത്ത് മുറിച്ചിട്ടത്) | 1 |

**ലേല നിബന്ധനകൾ:-**

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിനു മുൻപ് ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും നിരതദ്രവ്യമായി 300/-രൂപ (മുന്നൂറ് രൂപ) അടക്കേണ്ടതുമാണ്. ഏറ്റവും കൂടുതൽ ലേലത്തുക വിളിക്കുന്ന ആൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേല തുകയുടെ പകുതി അപ്പോൾ തന്നെ അടക്കേണ്ടതുമാണ്. ലേലം ബഹുമാനപെട്ട ജില്ലാ പോലീസ് മേധാവി ശെരി വെച്ചശേഷം ബാക്കി തുകയും ലേല തുകയുടെ 5% വന വികസന നികുതിയും അടക്കേണ്ടതാണ് (ശീർഷകം : 0406-01-101-96-FDT, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, പാലക്കാട്).

മരം മുറിച്ച് നീക്കം ചെയ്യുമ്പോൾ ആളുകൾക്കും ഗവൺമെന്റ് വകയോ അല്ലാത്തതോ ആയ സ്ഥാവര ജംഗമ വസ്തുകൾക്കോ അപകടമോ കേടുപാടുകളോ സംഭവിക്കാൻ പാടില്ലാത്തതും അങ്ങനെ സംഭവിച്ചാൽ ആയതിന്റെ ഉത്തരവാദിത്തം ലേലം കൊണ്ട ആളിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവായ ശേഷം 7 ദിവസത്തിനകം മരം മുറിച്ച് നീക്കം ചെയ്യേണ്ടതുമാണ്. ലേലം ഉറപ്പിച്ച ശേഷം ലേലക്കാരനുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് ഡിപ്പാർട്ട്മെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല. ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ഏതെങ്കിലും കാരണവശാൽ പറഞ്ഞ നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർ ലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വെയ്ക്കുന്നതിനും, നിർത്തി വെയ്ക്കുന്നതിനുമുള്ള അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്. ലേല വസ്തു ലേല തീയതിക്ക് 5 ദിവസം മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ 11 മണി മുതൽ 5 മണി വരെയുള്ള സമയത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനുമതിയോടു കൂടി പരിശോധിക്കാവുന്നതാണ്.

Abdul Rashi A IPS
District Police Chief

To : ബോർഡ് ചെയർമാന്റെയും എല്ലാ അംഗങ്ങളുടെയും അറിവിലേക്കായി.

Copy To : എല്ലാ യൂണിറ്റ് മേധാവിമർക്കും അറിവിലേക്കും വേണ്ടത്ര പ്രചാരണം നൽകുന്നതിനുമായി അയക്കുന്നു/ പാലക്കാട് ജില്ലാ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് വേണ്ടത്ര പ്രചാരണം നൽകുന്നതിനായി അയക്കുന്നു/ പാലക്കാട് ഡി.പി.ഒ കാഷ്യറുടെ അറിവിലേക്കായി ലേലത്തുക കൈപ്പറ്റുന്നതിനും തുടർ ഉത്തരവ് വരെ സൂക്ഷിച്ചു വയ്ക്കുന്നതിനും .

E3-62367/2024/P

464b87